# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3700** **20.10.2016 ൽ മറുപടിക്ക്**

## ഡയറ്റുകളിലെ ലക്ചറർ തസ്തിക

ചോദ്യം

ശ്രീ.എ.എൻ.ഷംസീർ

ഉത്തരം

പ്രൊഫ സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഡയറ്റുകളിൽ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 26.02.2011-ൽ രൂപം നൽകിയ സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത 29 ഒഴിവുകളിൽ സ്പെഷ്യൽ റൂളിലെ അപാകത കാരണം പി.എസ്.സി.യ്ക്ക് നിയമന നടപടികൾ ആരംഭിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ), ബി) & സി | ഉണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ ചൂണ്ടി കാണിച്ചതടക്കമുള്ള അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതുണ്ട്. സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി) | സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് പി.എസ്.സി., 21.01.2015, 27.06.2016 എന്നീ തീയതികളിൽ ഡി.പി.ഐ.ക്ക് കത്തയച്ചിട്ടും യാതൊരുനടപടിയും സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | | |
| സി) | ബന്ധപ്പെട്ട സ്പെഷ്യൽ റൂളിലെ അപാകത പരിഹരിച്ച് നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ